# വാക്ക്

**വാക്കിനോളം തൂക്കമില്ലീക്കൻ ഭൂമികളപോലുമേ...**

# ഡിജിറ്റൽ മാഗസിൻ 2019-20

## ജി വി എച്ച് എസ് എസ് കരിങ്കുറ്റി



# സന്ദേശം

2019-20 വർഷത്തെ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനീയവും മാതൃകാപരവുമാണ്. ഡിജിറ്റൽ ലോകത്തിലേക്ക് ആത്മധൈര്യത്തോടെ കാൽ നീട്ടിവെക്കുന്നതിന് സ്കൂളുകളിൽ നടക്കുന്ന സർഗ്ഗാത്മക, ബൗദ്ധിക ഉത്തേജക പ്രവർത്തനങ്ങൾ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു. ജി വി എച്ച് എസ് എസ് കരിങ്കുറ്റിയിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ പ്രവർത്തനങ്ങൾക്കും, അതിന് മാർഗ്ഗനിർദ്ദേശങ്ങളും, പ്രോത്സാഹനങ്ങളും നൽകുന്ന അദ്ധ്യാപകർക്കും എല്ലാ വിധ മംഗളങ്ങളും ആശംസകളും നേരുന്നു.

ഷാജു സി എം

ഹെഡ്മാസ്റ്റർ



# സന്ദേശം

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ എല്ലാവരിലേക്കും എത്തിക്കുവാൻ ലിറ്റിൽ കൈറ്റ്സിനാവട്ടെ.

പ്രദീപ് സി

പി റ്റി എ പ്രസിഡന്റ്

# സമർപ്പണം

തിന്മയ്ക്കെതിരെ പോരാടുന്ന,

വാക്കതിർക്കുന്ന.......

വെടിയുതിർക്കുന്ന.....

തീജ്വാലകൾക്ക്..



"ഹിംസയിലൂടെ  നേടുന്നത് വിജയമല്ല. അത് തോൽവിയാണ്. എന്തെന്നാൽ അത് വെറും നൈമിഷികം"

ഗാന്ധിജി

# ഉള്ളടക്കം

എന്റെ നാട്.............................................08
കൃഷിച്ചൊല്ലുകൾ.......................................09
ജോലിയുടെ മഹത്വം.................................11
കുഞ്ഞനുറുമ്പ്...........................................12
ഗാന്ധിവചനങ്ങൾ..................................13
നാളെ നിന്റെ മരണം...............................14
അമ്മ......................................................15.
മണ്ണ് തേടുന്നവർ......................................16
On Killing a tree..................................17
വയലെല്ലാം ഉഴുതുമറിച്ചേ..........................18
ഏകൻ....................................................19
പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ.......20-32
പാഠഭേദം..............................................33

# എന്റെ നാട്....

കേരളമെൻ നാടാണ്
പറന്നുയരും നാടാണ്
കേരളമെൻ വീടാണ്
കേളികളുയരുന്ന നാടാണ്
ഞാൻ പിറന്നൊരു വീടാണ്
മനോജ്ഞമായൊരു നാടാണ്
വിരന്മാരുടെ നാടാണ്
ആടിയുലയും നാടാണ്
പച്ചവിരിച്ചൊരു പൂമേടും
പഴവും കിളിയും കതിരുകളും
നിലകൊള്ളുന്നൊരു ഗ്രാമത്തിൽ
ആഹ്ലാദത്തിൽ അലത്തല്ലി
ഞാനെന്നെന്നും വസിച്ചീടും

അരവിന്ദ് കൃഷ്ണ 8-A

# കൃഷിചൊല്ലുകൾ

**കേരളത്തിന്റെ കാർഷിക സംസ്കാരം വിളിച്ചോതുന്ന ചില കഷിചൊല്ലുകൾ പരിചയപ്പെടാം**

**.വിത്തുഗുണം പത്തുഗുണം**

**.മുളയിലറിയാം വിള**

**.വിത്തായം ചെന്നാൽ പത്തായം നിറയും**

**.വിത്തു കുത്തി ഉണ്ണരുത്**

**.ഞാറില്ലെങ്കിൽ ചോറില്ല**

**.വിത്തിനൊത്ത വിള**

**.വിത്തില്ലാതെ ഞാറില്ല**

**.പത്തായത്തിൽ നെല്ലുണ്ടെങ്കിൽ എലി വയനാട്ടിൽ നിന്നും വരും**

**.പത്തായം പെറും ചക്കി കുത്തും അമ്മ വയ്ക്കും ഉണ്ണി ഉണ്ണും**

**.ഇരു മുറി പത്തായത്തിൽ ഒരു മുറി വിത്തിനു**

**.കളപറിച്ചാൽ കളം നിറയും**

**.അടുത്ത് നട്ടാൽ അഴക് അകലെ നട്ടാൽ വിളവ്**

**.കണ്ണീരിൽ വിളഞ്ഞ വിദ്യയും വെണ്ണീരിൽ വിളഞ്ഞ നെല്ലും**

.മണ്ണ വിറ്റ് പൊന്നു വാങ്ങരുത്

.ധനു പത്തു കഴിഞ്ഞാൽ കൊത്താൻ തുടങ്ങാം

.കുംഭത്തിൽ നട്ടാൽ കുടത്തോളം മീനത്തിലായാൽ മീൻ കണ്ണിനോളം

.മേടം 10 ന് മുമ്പ് പൊടി വിത കഴിയണം

.വിഷു കണ്ട രാവിലെ വിത്തിറക്കണം

.രേവതി ഞാറ്റുവേലയിൽ പാടത്ത് ചാമ വിതക്കാം

.തിന വിതച്ചാൽ തിന കൊയ്യും വിന വിതച്ചാൽ വിന കൊയ്യും

.വിത്തിനൊത്ത വിള

.നിലമറിഞ്ഞു വിത്തിടണം

.ഞാറ്റുറച്ചാൽ ചോറുറച്ചു

. കൊത്തുകഴിഞ്ഞാൽ പത്തുണക്കം

.കർക്കിടകത്തിൽ ചേന കട്ടിട്ടും കൂട്ടണം

.കാലം നോക്കി കൃഷിയും മേളം നോക്കി ചാട്ടം

.വാഴ നനഞ്ഞാൽ ചീരയും നനയും

.പണി എടുത്താൽ മണ്ണ്

പൊന്നണിഞ്ഞാൽ പെണ്ണ്

.ആടിനെപ്പോറ്റാൻ കാടിനെ പോറ്റണം

.കള പറിച്ചാൽ കളം നിറയും

കഥ

# ജോലിയുടെ മഹത്വം

സൂര്യൻ കിഴക്ക് ചക്രവാളത്തിൽ കുടിച്ചു കഴിഞ്ഞു. എങ്ങും വർണ്ണശബളമായ പ്രകാശം. പച്ചപ്പാടങ്ങളിൽ വന്നുവീണ മഞ്ഞുതുള്ളികൾ രത്നം പോലെ വെട്ടിതിളങ്ങുന്നു. ആ പ്രകാശമാനമായ പുലരിയിൽ ഒരു കൊച്ചുകുടിലിലെ മനുഷ്യൻ രാവിലെ തന്നെ വയലിലേക്ക് പോകാൻ ഇറങ്ങുകയായിരുന്നു. "എടി കല്യാണിയേ....ആ തൂമ്പയും എൻറെ പാളത്തൊപ്പിയും ഒന്നിങ്ങ് എടുത്തേ...". "ദാ... കൊണ്ടുവരണൂ...".

ഒരു മധ്യവയസ്കനാണ് ബാലൻ. കല്യാണിയാണ് ബാലൻറെ ഭാര്യ. ഇവർക്ക് കുട്ടികൾ ആരുമില്ല. ബാലൻ വയലിലേക്കിറങ്ങി. തന്റെ തൂമ്പ കൊണ്ട് വയലിൽ കെട്ടിക്കിടന്ന വെള്ളത്തെ മറ്റൊരു വഴിക്കു തിരിച്ചുവിട്ടു. തന്റെ പണി ചെയ്തുകൊണ്ടിരിക്കുമ്പോൾ പണ്ട് ബാലൻറെ ഒപ്പം പള്ളിക്കൂടത്തിൽ പഠിച്ച് ദൂരെ ജോലിക്കുപോയ കൂട്ടുകാരൻ രാമു വന്നു. ബാലന് തൻറെ കൂട്ടുകാരനെ വർഷങ്ങൾക്കുശേഷം കണ്ടതിൻറെ സന്തോഷമായിരുന്നു. ബാലൻ പാടത്തുനിന്നു കയറി കൈയും കാലും തോട്ടിലെ വെള്ളം ഉപയോഗിച്ച് കഴുകി രാമുവിന്റെ അടുത്തേക്ക് ചെന്നു. "രാമു ആളാകെ മാറിയിരിക്കുന്നു"..... ബാലൻ പറഞ്ഞു. നല്ല തിളങ്ങുന്ന കോട്ടും പാന്റും ഒക്കെയിട്ട് ഒരു കോടീശ്വരൻ്റെ ലുക്ക് ആണ് രാമുവിന്റേത്. അവർ വഴിയരികിൽ കൂട്ടിയിട്ടിരുന്ന കമുകിൻ തടിയിൽ ഇരുന്നു രാമു തന്റെ ജോലിസ്ഥലത്തെ കാര്യവും ബാലൻ തന്റെ ചുറ്റുപാടും നടക്കുന്ന കാര്യത്തെ കുറിച്ചും സംസാരിച്ചിരുന്നു. ഉടൻതന്നെ രാമു പറഞ്ഞു. "എടാ... നിനക്ക് നിൻറെ ഈ വൃത്തികെട്ട ജോലി ഉപേക്ഷിച്ചു കൂടെ. നിനക്ക് ഞാൻ പണം തരാം... പോയി വേറെ വല്ല ജോലിയും വാങ്ങിക്ക്". ബാലന് ഇതു തീരെ പിടിച്ചില്ല. ഉടനെതന്നെ ബാലൻ പറഞ്ഞു. "നിനക്ക് ഈ ജോലിക്ക് മഹത്വം ഉണ്ടെന്ന് തോന്നില്ല. പക്ഷേ നിങ്ങൾ കഴിക്കുന്ന ഭക്ഷണം എന്നെ പോലെയുളള കർഷകർ ഉണ്ടാക്കിയതാണെന്ന് ഓർക്കണം... പണമുണ്ടെന്ന് വിചീരിച്ച് എന്തിനുമേതിനും എതിർത്ത് പറയരുത് ". ബാലൻ പറഞ്ഞു . തന്റെ കൂട്ടുകാരൻ പറഞ്ഞത് തെറ്റാണെന്നും ഓരോ ജോലിക്കും അതിന്റേതായ മഹത്ത്വമുണ്ടന്നും അദ്ദേഹം രാമുവിനെ ഓർമിപ്പിച്ചു.

വീണ സി ജെ **10-A**

## കുഞ്ഞനുറുമ്പ്

നിര നിര നിരയായ്
വരി വരി വരിയായ്
തുള്ളിച്ചാടിപോകും
കുഞ്ഞിക്കുനന്നുറുമ്പേ  നീ
എവിടേക്കുപോകുന്നു..?
എന്നുടെ ജീവൻ  നിലനിർത്താൻ
നിക്ഷേപങ്ങൾ  തേടീടാൻ
എന്നുടെ  സ്വന്തം കൂട്ടുകാരാ
എങ്കിൽ ഞാൻ നിക്ഷേപങ്ങൾ
തേടിപ്പോകട്ടെ
പോയിവാ  എന്നുടെ  സ്വന്തം
കുഞ്ഞനുറുമ്പേ
എന്നുടെ  പൊന്നുറുമ്പേ

സൂര്യ ഇ ആർ 9-A



# ഗാന്ധി വചനങ്ങൾ

.നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകൾ ആകുന്നു.

ചിന്തകൾ വാക്കുകളും വാക്കുകൾ പ്രവർത്തികളും പ്രവൃത്തികൾ മൂല്യങ്ങളും ആവുന്നു.

.നിങ്ങളുടെ സത്യം ദൈവമാണ്

. ഒരു ശിശുവിന് ശരീരത്തിലും മനസ്സിലും ആത്മാവിലും ഉള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം

.ലോകത്തിൻറെ വെളിച്ചമാണ് പുസ്തകങ്ങൾ

.കോപം അഗ്നി പോലെയാണ് നാശം ഉണ്ടാക്കിയേ അത് അടങ്ങൂ

. സത്യം വെറുമൊരും  വാക്കല്ല.ജീവിതം മുഴുവൻ സത്യമാക്കി തീർക്കണം .

.ഞാൻ ചോക്ലേറ്റുകളിൽ മരണത്തെ കാണുന്നു

.പ്രാർത്ഥനാ നിരതമായ ഒരു മനുഷ്യൻ തന്നോട് തന്നെയും ലോകത്തോടും സമാധാനം പുലർത്തും

.ഞാൻ ഒരു പടയാളി യാണ് സമാധാനത്തിന്റെ പടയാളി

.സത്യമാണ് എൻറെ ദൈവം ഞാൻ ആ ദൈവത്തെ കണ്ടെത്തിയിട്ടില്ല എന്നാൽ ഞാൻ അന്വേഷിച്ചു കൊണ്ടിരിക്കുന്നു

## നാളെ നിന്റെ മരണം

ഇന്നാ മരവും ചാഞ്ഞു
മനുഷ്യാ.....
നാളെയീ മരവും ചായും
അതും കഴിഞ്ഞീ മരമൊക്കെ
ചാഞ്ഞാൽ,
കുന്നും,മലയും കുളവും പുഴയും
എല്ലാമുരുക്കും മനുഷ്യാ......
എല്ലാമില്ലാതായാൽ ഓർക്കുക
മനുഷ്യാ നീയും ഇല്ലാതാകും

ആതിര. C



കവിത



# അമ്മ

ഓടിയെത്തും നേരമെന്നെ
ഓമനിക്കും അമ്മ
പാലുതരും പീപ്പിതരും
പാവതരും അമ്മ
ഉമ്മവെക്കും പാട്ടുപാടും
എന്നുമെന്റെ അമ്മ
പട്ടുറുമാൽ തുന്നിത്തരും
പൊട്ടു തൊട്ടുവിക്കും
കൊച്ചുകഥ ചൊല്ലിത്തരും
നിശ്ചയമെന്റമ്മ
അച്ഛനെന്നെ തല്ലിടുമ്പോൾ
അമ്മയോടിയെത്തും
അമ്മയാണീപ്പാരിടത്തിൽ
എന്നുമെന്റെ ദൈവം
അമ്മയെമറക്കുമോ ഞാൻ
ജീവനുള്ള കാലം

അലീന എം റ്റി 9-A

## മണ്ണ് തേടുന്നവർ...

മണ്ണിന് മതമുണ്ടത്രെ...
ചിലപ്പോൾ പച്ച
ചിലപ്പോൾ ചുവപ്പ്
ചിലപ്പോൾ.........?

അപ്പോൾ,

മണ്ണിൽ പതിഞ്ഞ
കാലടികൾക്കോ...?

മണ്ണിൽ
അലിഞ്ഞു ചേർന്ന
രക്തത്തിനോ...?

ഇവിടെ പെയ്ത
എന്റെ വിയർപ്പിനെന്തു നിറം..?

അബ്ദുൾ സലാം പറമ്പിൽ പീടിക

# ON KILLING A TREE



‘On killing a tree’ is a sensitive poem the poet says not to destroy trees and compare it with killing a human being. The plant takes sunlight water, air, and nutrients from the soil and gradually become a huge tree.

The poet said that cutting the trunk of the tree does not kill it. one the wound heals, new branches and tiny leaves grow from there. The roots are most sensitive part of the tree as they bind it to the earth. Once the roots are detached from the earth the tree start dying.

**Abhina M P 9-A**

**നാടൻ പാട്**

# വയല്ലെലാം ഉഴുതുമറിച്ചേ...

വയല്ലെല്ലാം ഉഴുതുമറിച്ചേ
പൊടിതട്ടി കട്ടയുടച്ചേ
വിത്തായ വിത്തു വിതച്ചേ
വിത്തെല്ലാം പൊട്ടിമുളച്ചേ

നെരയായി ഞാറുനിറഞ്ഞേയ്
അണകെട്ടി വെള്ളമൊഴിച്ചേ
വള്ളിയും മലയും വന്നേയ്
ഞാറെല്ലാം കെട്ടിയെറിഞ്ഞേ

കേളുവും ചാത്തനമൊന്നായ്
പടമൊരുക്കണ കണ്ടോ
പെണ്ണുങ്ങൾ കൂട്ടമായ് വന്ന്
ഞാറെല്ലാം നട്ടങ്ങുകേറി

ചെടിയെല്ലാം കതിരുകളായേ
കൊയ്ത്തരിവാളിങ്ങെടുത്തേ
കറ്റകൾ കൊയ്തു മെതിച്ചെ
തമ്പ്രാന്റെകളവും നെറച്ചേ

കേളുവും ചാത്തനമൊന്നായ്
നെല്ലെല്ലാം വാരിനിറച്ചേ
പത്തായമെല്ലാം നിറച്ചേ
തമ്പുരാന്റെ മനതും നെറഞ്ഞേ.

സമ്പാദനം **ഗ്രീഷ്മബാബു 9-A**

## ഏകൻ

ഒരു  തോർത്തുമുണ്ടുമുടുത്ത്
അന്തിയാവും  വരെ  വിയർപ്പൊഴുക്കും..
സ്വർണ്ണക്കതിരുക്കതിരുകൾ  മുളപ്പൊട്ടുവാൻ
കാളയെക്കൊണ്ട്  ഉഴുതിപ്പിക്കും..
അകെ ഉഴുത  നെൽപാടത്തിൽ
വിത്തുകൾ  വാരിവിതറിടുന്നു
പച്ചനിറമുള്ള  ചെറുനാർ ചെടികൾ
സന്തോഷത്തോടെ  നട്ടിടുന്നു
സ്വർണ്ണനിറമുള്ള നെൽമണികൾ
കാണുമ്പോൾ  ഒരു  മന്ദഹാസം കാണാം....
എല്ലാം  കൊയ്ത്തു മെതിച്ചുകഴിഞ്ഞ്
പത്തയപ്പുരയിൽ  സൂക്ഷിക്കുമ്പോൾ
തന്റെ  കൂടെ  പണിയെടുത്ത
ഒരു  കൂട്ടം  കർഷകർകന്നദാന...
അയ്യോ!എനിക്കുവയ്യാവെ  എന്നു-
പറയാത്ത  ഞാൻ  കണ്ട  ഏകനിദ്ദേഹം

**സുബിന്യ മേരി ജോർജ്**

# പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ.

## ക്യാമറകണ്ണിലൂടെ......

# ഗൃഹസന്ദർശനം





# ജില്ലാ പഞ്ചായത്തിന്റെ അനുമോദനം.





# പ്രവേശനോത്സവം



അക്കാദമിക മികവ്, വിദ്യാലയ മികവ്
പൊതുവിദ്യാഭ്യാസ വകുപ്പ്
ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ
സ്കൂൾ
പ്രവേശനോത്സവം
2019-20
2019 ജൂൺ 6



ഗവ:വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ, കരിങ്കുറ്റി



# സുരീലി ഹിന്ദി



# SSLC വിജയികൾക്ക് യുവശബ്ദം ക്ലബിന്റെ സ്വീകരണം






# ഓണാഘോഷം





# കലാമേള















## കായികമേള





# പരിസ്ഥിതി ദിനാചരണം





# പൊതിച്ചോറ് - പഠനപ്രവർത്തനം



# പ്രതിഭയോടൊത്ത്





# ഭക്ഷ്യമേള








അനുഭവം

# പാഠഭേദം.

ഉച്ചവെയിലിന്റെ കാഠിന്യം അല്പമൊന്നുകുറഞ്ഞപ്പോൾ, ക്ലാസ്സിൽ വല്ലപ്പോഴും വരുന്ന അവന്റെ വീട് ലക്ഷ്യമാക്കി, തേഞ്ഞുതീരാറായ, വാർദ്ധക്യത്തിന്റെ നരപ്പുബാധിച്ച ആക്ടീവയുമായി ഞാൻ മുമ്പിലും, പ്രണയിനികളുടെ ഇടയിലെ നിത്യഹരിത നായകനെപ്പോലെ യൗവനത്തിന്റെ പ്രസരിപ്പുമായി ബുള്ളറ്റ് ബൈക്കിൽ ഒരു സഹപ്രവർത്തകനും എന്നെ അനുഗമിച്ചു. അങ്ങനെ കുതിപ്പും കിതപ്പുമായി ഞങ്ങൾ അവരുടെ കോളനിയിലെത്തി. ശകടം ഒരിടത്ത് ഒതുക്കിനിർത്തിയിട്ട് കാപ്പിത്തോട്ടത്തിനു നടുവിലൂടെ ഞങ്ങൾ അവന്റെ വീട്ടിലേക്ക് ഊർന്നിറങ്ങി. വഴിയിൽ കാണുന്ന അപരിചിതനോട്ടങ്ങളോട് അവനെക്കുറിച്ച് ആരായാനും മറന്നില്ല.

ആശങ്കപ്പെട്ടതുപോലെ, ബന്ധിയാക്കപ്പെട്ട വീടിനു സമീപത്ത് ഒരു മനുഷ്യമണംപോലും അനുഭവപ്പെട്ടില്ല. ഏറെ നിരാശ തോന്നിയെങ്കിലും മുറ്റത്തിന്റെ ഓരത്ത് അവൻ നട്ട പനിനീർപൂവ് ഞങ്ങൾക്ക് ആഥിത്യം അരുളി. വിളർത്തുമെലിഞ്ഞ ആ പനിനീർ ചെടിയിൽ വിരിഞ്ഞ മനോഹാരിത തുളുമ്പുന്ന് പൂവ് എന്നെ വല്ലാതെ ആകർഷിച്ചു. ഒറ്റപ്പെടലിന്റെ വേദന അനുഭവിക്കാൻ ത്രാണി ഇല്ലാത്തതിനാലാവാം രണ്ടുമൊട്ടുകളും വിരിയാൻ വെമ്പിനിൽക്കുന്നതായി കണ്ടു.

ശരിയാണ്, എത്ര ജീവിതഗന്ധിയാണ് ഈ പനിനീർ പൂവ്? വിളർത്തുമെലിഞ്ഞ അവന്റെ നെറ്റിയിൽ എന്നും ചന്തത്തിലൊരു കുറി അവന്റെ ദൈന്യതയെ ജയിച്ചുനിന്നിരുന്നു. ചില്ലുജാലകത്തിനിടയിലൂടെ അവന്റെ കുപ്പായം എന്തെല്ലാമോ എന്നോട് സംസാരിച്ചു. പൂട്ടിയിട്ട വാതിലുകൾക്കും കൊളുത്തിവെച്ച് അണഞ്ഞുപോയ വിളക്കിന്റെ കരി പടർന്ന ചാരക്കുമ്പാരങ്ങൾക്കു വാചാലത തോന്നി. ഞങ്ങളുടെ കാലനക്കം കണ്ട് അടുത്തുള്ള അമ്മാവൻ എത്തി നോക്കി. പരിഷ്കാരത്തിന്റെ വേഷപകർച്ച കണ്ടതുകൊണ്ടാവണം പാവം ഒന്നു ഉൾവലിഞ്ഞു.

അദ്ധ്യാപകരാണെന്നറിഞ്ഞപ്പോൾ ഉള്ളിൽനിന്നുറിയ ബഹുമാനത്തോടെ ഞങ്ങൾ ക്കരികിലേക്ക്  ഒന്നുചാഞ്ഞു. രണ്ടു ദിവസം മുമ്പ് അടിയന്തിരത്തിനുപോയ അനന്തിരവളെക്കുറിച്ചും മക്കളെ കുറിച്ചും പറഞ്ഞു. വിളിച്ചാൽ കിട്ടുന്ന ഫോൺ നമ്പർ തിരക്കിയപ്പോൾ കിഴവൻ ക്ലൂരക്കുള്ളിലേക്ക് തിരിഞ്ഞ് എന്തോ അവ്യക്തമായി പറഞ്ഞു.

ആശങ്ക ആശ്ചര്യത്തിനു വഴി മാറിയപ്പോൾ കിഴവൻ ചുരുട്ടിപ്പിടിച്ച കടലാസിൽ അക്കങ്ങളെപ്പോലെ തോന്നിക്കുന്ന എന്തോ ഒന്ന് വലിച്ചുനീട്ടി. ആവേശത്തോടെ അത് ഡയൽ ചെയ്യുമ്പോൾ ഔട്ട് ഓഫ് കവറേജ് ഏരിയ...... അടുത്ത ദിവസം നടക്കുന്ന രക്ഷാകർത്തൃയോഗത്തെ കുറിച്ചും പൊതുപരീക്ഷയിൽ പങ്കെടുക്കേണ്ടതിനെ കുറിച്ചും ഞങ്ങൾ വാചാലരായി. കിഴവൻ ഞങ്ങൾക്കു മുഖം തരാതെ നിന്നു. ഒടുവിൽ....... അവന്റെ കുടുംബങ്ങളെ കുറിച്ചന്വേഷിച്ചപ്പോൾ ജീവിതത്തിന്റെ ഈ വിളർച്ച തന്നെയാണ് അവനേയും ബാധിച്ചതെന്ന് എനിക്കു ബോധ്യമായി. അഞ്ചാം വയസ്സിൽ അച്ഛൻ ഉപേക്ഷിച്ചുപോയതാണ്. അവനുതാഴെ മൂന്നുപേർ. ശക്തി കുറഞ്ഞതും, മെല്ലിച്ചതെങ്കിലും കുട്ടിത്തം വിട്ടുമാറാത്ത സുന്ദരിയായ അമ്മ. പശി അടക്കേണ്ടത് അഞ്ച് ഉദരത്തിന്റേയും ഹൃദയത്തിന്റേയും...... എന്റെ തല താന്നേ താണുപോയി. അവനെ കുറ്റപ്പെടുത്താൻ എനിക്കു സാധിച്ചില്ല. ഉപേക്ഷിക്കാനും......

ധന്യ എസ് ടി

എച്ച് എസ് എ മലയാളം

## എഡിറ്റോറിയൽ

അളകനന്ദ ടി കെ

അഭിന എം പി

ഗ്രീഷ്മ ബാബു

അബ്ദുൾ സലാം പി പി

ധന്യ എസ് ടി

പി എസ് ബിനു

**വാക്കുകൾക്കുമുന്നിൽ പതറാത്തവർക്ക്...**

# നന്ദി.........................